KERALA UNIVERSITY OF HEALTH SCIENCES
കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല

www.kuhs.ac.in

P.R. No.166/2026 Thrissur, 01/09/2026

## Press Release

### കേരള ആരോഗ്യശാസ്ത്ര സർവകലാശാലയുടെ സ്കൂൾ ഓഫ് ഫാമിലി ഹെൽത്ത് സ്റ്റഡീസിന്റെ പുതിയ കെട്ടിടം സെപ്റ്റംബർ 5-ന് ഉദ്ഘാടനം ചെയ്യും

കോഴിക്കോട്: കേരള ആരോഗ്യശാസ്ത്ര സർവകലാശാലയുടെ (KUHS) സ്കൂൾ ഓഫ് ഫാമിലി ഹെൽത്ത് സ്റ്റഡീസിന്റെ (SFHS) പുതിയ കെട്ടിടം 2026 സെപ്റ്റംബർ 5-ന് വൈകിട്ട് 3 മണിക്ക് കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളജ് ക്യാമ്പസിൽ ഉദ്ഘാടനം ചെയ്യും. കേരള ആരോഗ്യശാസ്ത്ര സർവകലാശാലയുടെ പ്രോ ചാൻസലറും ആരോഗ്യ-ദേവസ്വം വകുപ്പ് മന്ത്രിയുമായ ശ്രീ. കെ. മുരളീധരൻ ഉദ്ഘാടനം നിർവഹിക്കും.

കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളജ് ക്യാമ്പസിൽ സർക്കാർ അനുവദിച്ച 50 സെന്റ് സ്ഥലത്താണ് സ്കൂളിന്റെ പുതിയ കെട്ടിടം നിർമിച്ചിരിക്കുന്നത്. സെല്ലാർ, ഗ്രൗണ്ട്, ഒന്ന്, രണ്ട് നിലകൾ ഉൾപ്പെടുന്ന കെട്ടിടത്തിന് 2,250 ചതുരശ്ര മീറ്റർ പ്ലിന്ത് ഏരിയയാണുള്ളത്.

കേരള ആരോഗ്യശാസ്ത്ര സർവകലാശാലയുടെ നാലാമത്തെ സ്കൂളാണ് സ്കൂൾ ഓഫ് ഫാമിലി ഹെൽത്ത് സ്റ്റഡീസ്.  സമൂഹത്തിന്റെ അടിസ്ഥാന ഘടകമായ കുടുംബങ്ങളുടെ ആരോഗ്യം ഉറപ്പുവരുത്തുന്നതിലൂടെ സമൂഹത്തിന്റെ ആരോഗ്യം ഉറപ്പുവരുത്താനുള്ള പ്രവർത്തനങ്ങളാണ് ഇവിടെ നടത്തുക.  കുട്ടികൾ, പ്രത്യുത്പാദന പ്രായത്തിലുള്ള സ്ത്രീകൾ, വയോജനങ്ങൾ എന്നിവരുൾപ്പെടുന്ന ആരോഗ്യപരമായ ദുർബല വിഭാഗത്തിന്റെ ആരോഗ്യസംരക്ഷണത്തിനായി ആവശ്യമായ അക്കാദമികവും ഗവേഷണപരവുമായ പിന്തുണാ സംവിധാനങ്ങൾ ഒരുക്കുകയാണ് സ്കൂളിന്റെ ലക്ഷ്യം.

കുടുംബാരോഗ്യ രംഗത്തെ ഗവേഷണം, മനുഷ്യവിഭവശേഷി വികസനത്തിനായുള്ള പരിശീലന പരിപാടികൾ, കുടുംബകേന്ദ്രീകൃത ആരോഗ്യപരിചരണത്തെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കൽ, കുടുംബാരോഗ്യവുമായി ബന്ധപ്പെട്ട സർക്കാർ പദ്ധതികൾക്കും നയരൂപീകരണത്തിനും അക്കാദമിക പിന്തുണ നൽകൽ എന്നിവ സ്കൂളിന്റെ പ്രധാന പ്രവർത്തനങ്ങളാണ്.

കുട്ടികളിലെ ന്യൂറോ ഡെവലപ്മെന്റൽ വൈകല്യങ്ങൾ, പാരമ്പര്യ രോഗങ്ങൾ, കുട്ടികളിലെ കാഴ്ച്ചപ്രശ്നങ്ങൾ, ആത്മഹത്യാ പ്രതിരോധം, സാംക്രമികേതര രോഗങ്ങൾ, സ്ത്രീകൾക്കെതിരായ ഡിജിറ്റൽ അതിക്രമം, ദുരന്തസാഹചര്യങ്ങളിലെ മാനസികാരോഗ്യം, പാലിയേറ്റീവ് കെയർ തുടങ്ങിയ മേഖലകളിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനാണ് സ്കൂൾ മുൻതൂക്കം നൽകുക.

കേരള സർക്കാർ അനുവദിച്ച ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ കേരള പൊതുമരാമത്ത് വകുപ്പ് മുഖേനയാണ് കെട്ടിടത്തിന്റെ നിർമാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ചത്. പുതിയ കെട്ടിടം യാഥാർഥ്യമാകുന്നതോടെ കുടുംബാരോഗ്യരംഗത്തെ വിദ്യാഭ്യാസ, ഗവേഷണ, പരിശീലന പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കാൻ സാധിക്കുമെന്ന് സർവകലാശാല അധികൃതർ അറിയിച്ചു.

കോഴിക്കോട് നോർത്ത് നിയോജക മണ്ഡലം എം.എൽ.എ അഡ്വ. കെ. ജയന്ത് ചടങ്ങിൽ അധ്യക്ഷത വഹിക്കും. കേരള ആരോഗ്യശാസ്ത്ര സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. ഡോ. മോഹനൻ കുന്നുമ്മൽ ആമുഖപ്രഭാഷണം നടത്തും. പ്രോ വൈസ് ചാൻസലർ പ്രൊഫ. ഡോ. സി. പി. വിജയൻ സ്വാഗതം ആശംസിക്കും.

കോഴിക്കോട് എം.പി. ശ്രീ. എം. കെ. രാഘവൻ, കോഴിക്കോട് മേയർ ശ്രീ. ഒ. സദാശിവൻ എന്നിവർ വിശിഷ്ടാതിഥികളായി പങ്കെടുക്കും. കേരള പൊതുമരാമത്ത് വകുപ്പിലെ എക്സിക്യൂട്ടീവ് എൻജിനീയർ ശ്രീ. എൻ. ശ്രീജയൻ റിപ്പോർട്ട് അവതരിപ്പിക്കും. കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളജ് പ്രിൻസിപ്പൽ ഡോ. സജീത് കുമാർ കെ. ജി., സ്കൂൾ ഓഫ് ഫാമിലി ഹെൽത്ത് സ്റ്റഡീസിലെ പ്രൊഫസർ ഡോ. ഗീത ഗോവിന്ദരാജ് എന്നിവർ ചടങ്ങിൽ സംസാരിക്കും.

Sd/-

Registrar